# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5346** **05.07.2012- ൽ മറുപടിക്ക്**

## കൈത്തറി സംഘങ്ങൾക്കുള്ള നബാർഡ് പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**<br>**ശ്രീ. കെ.ദാസൻ**<br>**ശ്രീ. സി. കൃഷ്ണൻ**<br>**ശ്രീ. കെ.വി. വിജയദാസ്** | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) കൈത്തറി സംഘങ്ങൾക്ക് വേണ്ടി നബാർഡ് തയ്യാറാക്കിയ പാക്കേജ് നടപ്പാക്കാനാവശ്യമായ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം എത്രയാണ്; ഇതിന് അനുസൃതമായ തുക ബഡ്ജറ്റിൽ വകയിരുത്തിയി ട്ടുണ്ടോ; | (എ) കൈത്തറി സംഘങ്ങളിൽ നബാർഡിന്റെ സ്പെഷ്യൽ ഓഡിറ്റ് പൂർത്തിയാക്കിയാൽ മാത്രമേ പാക്കേജ് നടപ്പാക്കാൻ ആവശ്യമായ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം എത്രയെന്ന് കൃത്യമായി പറയാൻ കഴിയുകയുള്ളു. ഈ സാമ്പത്തിക വർഷം 5 കോടി രൂപ സ്റ്റേറ്റ് ഷെയറായി നീക്കിവച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം പുതിയ വായ്പ നൽകാൻ 75% പലിശ തുക ഒഴിവാക്കിക്കൊണ്ട് തയ്യാറായിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെ ടുത്തുമോ; | (ബി) സഹകരണ സംഘങ്ങൾക്ക് വായ്പകൊടുത്തിട്ടുള്ള ചില ജില്ലാ സഹകരണ ബാങ്കുകൾ 75% പലിശ ഒഴിവാക്കി ഫ്രഷ് ലോൺ നൽകുവാൻ സമ്മതിച്ചിട്ടുണ്ട്. എന്നാൽ സ്പെഷ്യൽ ഓഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പുതിയ വായ്പ അനുവദിക്കാനുള്ള ലെറ്റർ ഓഫ് കൺഫർമേഷൻ ലഭ്യമാകുകയുള്ളു. |
| (സി) പാക്കേജ് നടപ്പാക്കുന്നതിന്റെ ഭാഗമായി, അർഹത നിശ്ചയിക്കാനുള്ള വയബിൾ, പൊട്ടൻഷ്യലി വയബിൾ എന്നീ കാറ്റഗറിയിലുള്ള സംഘങ്ങളുടെ ആഡിറ്റ് നടത്തിയ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിനായി നബാർഡ് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) ഇല്ല. സ്പെഷ്യൽ ഓഡിറ്റ് നടത്തുന്നതിന്, ട്രെയിനിംഗ് നൽകുന്നതിന് വ്യവസായ വകുപ്പിലെ രണ്ട് പേരെ മാസ്റ്റർ ട്രെയിനീസിന്റെ ട്രെയിനിംഗ് പ്രോഗ്രാമിന് നബാർഡ്, ലക്നൗ-ൽ അയയ്ക്കുകയും ട്രെയിനിംഗ് നൽകുകയും ചെയ്തു. കോപ്പറേറ്റീവ് ഓഡിറ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും 39 പേരെ തെരഞ്ഞെടുക്കുകയും അവർക്ക് സ്പെഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള ട്രെയിനിംഗ് നൽകുകയും ചെയ്തു. ഇപ്പോൾ വയബിൾ, പൊട്ടൻഷ്യലി വയബിൾ സംഘങ്ങളിൽ സ്പെഷ്യൽ ഓഡിറ്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (ഡി) | പാക്കേജ് എന്നു മുതൽ നടപ്പാക്കുമെന്ന് വെളിപ്പെടുത്താമോ; | (ഡി) | പാക്കേജ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. നബാർഡിന്റെ സ്പെഷ്യൽ ഓഡിറ്റ് നടന്നുകൊണ്ടിരിക്കുകയാണ്. നബാർഡിന്റെ സ്പെഷ്യൽ ഓഡിറ്റിനു ശേഷം, പാക്കേജിന് അർഹതയുള്ള യൂണിറ്റുകളുടെ ലിസ്റ്റും പ്രസ്തുത യൂണിറ്റുകൾക്കു പാക്കേജ് അനുസരിച്ചുള്ള തുകയും സഹിതം ജില്ലാ ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് ആന്റ് റിവ്യൂ കമ്മിറ്റിയുടെ ശുപാർശയോടെ സ്റ്റേറ്റ് ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് ആന്റ് റിവ്യൂ കമ്മിറ്റിക്കു സമർപ്പിക്കുന്നതും പ്രസ്തുത കമ്മിറ്റി അവ പരിശോധിച്ച് അർഹതയുള്ള യൂണിറ്റുകളുടെ ബാങ്കുകളിലെ കടം തീർക്കാൻ പാക്കേജ് അനുസരിച്ചിട്ടുള്ള തുക നബാർഡിൽ നിന്നു ലഭിക്കാൻ വേണ്ടി നാഷണൽ ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് ആന്റ് റിവ്യൂ കമ്മിറ്റിയ്ക്ക് നൽകുന്നതാണ്. |
| (ഇ) | ഇക്കാര്യത്തിൽകൈത്തറിത്തൊഴിലാളി കൗൺസിൽ സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എന്തെല്ലാം ആവശ്യങ്ങളാണതിൽ ഉന്നയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | ഇല്ല. |

(signature)

**സെക്ഷൻ ഓഫീസർ**